# നീരയ്ക്ക് അനുമതി വൈകുന്നു: പിന്നിൽ വ്യാജക്കള്ള് ലോബി

■ ജെബി പോൾ

കൊച്ചി

## കോളക്കമ്പനികളും രംഗത്ത്

തെങ്ങിൽനിന്ന് നീര എടുക്കാൻ അനുമതി നൽകുന്നതിനെതിരേ കോള കമ്പനികളും വ്യാജക്കള്ള് ലോബിയും രംഗത്ത്. സംസ്ഥാനത്ത് മൂവായിരം കോടിയുടെ ശീതളപാനീയ വ്യാപാരമാണ് പ്രതിവർഷം നടക്കുന്നത്. ശീതളപാനീയമെന്ന നിലയ്ക്ക് നീര വിപണനം ചെയ്താൽ കച്ചവടം കുറയുമെന്ന ആശങ്കയാണിതിനു പിന്നിൽ.

വ്യാജ കള്ള് ലോബിയും ചില എക്സൈസ് ഉദ്യോഗസ്ഥരും നീരയ്ക്ക് അംഗീകാരം കിട്ടാതിരിക്കാൻ രംഗത്തുണ്ടെന്ന് ആക്ഷേപമുണ്ട്.

നീരയുടെ ഉൽപാദന വിപണന സാധ്യതയെപ്പറ്റി പഠിക്കാൻ എക്സൈസ് കമ്മിഷണർ അധ്യക്ഷനായ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വിലത്തകർച്ച മൂലം കർഷകർ നട്ടം തിരിയുമ്പോൾ നീരയിലാണ് കർഷകരുടെ പ്രതീക്ഷ.

നാളികേര ഉൽപാദക സംഘങ്ങൾ വഴിയോ സംഘങ്ങളുടെ ഫെഡറേഷൻ വഴിയോ ലൈസൻസ് കൊടുക്കാമെന്നാണ് കമ്മിറ്റിയുടെ ശിപാർശ. എന്നാൽ സർക്കാർ ഇത് ചില സമ്മർദ്ദങ്ങൾക്കു വഴങ്ങി നടപ്പാക്കുന്നില്ല.

നീര വരുമ്പോൾ നല്ല കള്ള് വിപണിയിലെത്താൻ സാധ്യതയുണ്ടെന്നും അത് വ്യാജ കള്ള് ലോബിയുടെ ബിസിനസിനെ ബാധിക്കുമെന്നും അവരിൽ നിന്ന് കൈക്കൂലി വാങ്ങുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് തിരിച്ചടിയാകുമെന്നുമാണ് വാദം.

എന്നാൽ, തെങ്ങിൻ പൂങ്കുല ചെത്തിയെടുക്കുന്ന നീര കള്ളല്ല. മധുരപാനീയമായമാണ്. പ്രകൃതിദത്തമായ നീര പാക്കറ്റുകളിലും കുപ്പികളിലും വിപണിയിലെത്തിയാൽ ജനം രാസപദാർഥങ്ങളടങ്ങിയ കോള ഉപേക്ഷിക്കാൻ സാധ്യതയുണ്ട്. തെങ്ങ് ചെത്തിയെടുക്കുന്നതിനെ കള്ളായിട്ടാണ് അബ്കാരി നിയമത്തിൽ വിവക്ഷിക്കുന്നത്. ഇത് മാറ്റിയെടുക്കാൻ ആക്ട് ഭേദഗതി ചെയ്യണം. ആക്ട് ഭേദഗതി ചെയ്യുകയോ നീരയെ അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുകയോ ആണ് വേണ്ടത്.

ഇന്നാരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ ഇതു കൊണ്ടു വരാതിരിക്കാനുള്ള നീക്കവും സജീവമാണ്. ചെത്തുതൊഴിലാളികളെ ഒരുതരത്തിലും നീരയുടെ ഉൽപാദനം ബാധിക്കില്ലെങ്കിലും ചെത്തു തൊഴിലാളികളെ നീരക്കെതിരേ തിരിച്ചുവിടാനുള്ള നീക്കവും നടക്കുന്നുണ്ട്.

സംസ്ഥാനത്ത് 18കോടി തെങ്ങാണുള്ളത്. അതിൽ അഞ്ചുലക്ഷം തെങ്ങുകൾ മാത്രമാണ് ചെത്തുന്നത്. ഒരുശതമാനം തെങ്ങ് മാത്രം നീരയെടുക്കാൻ മാറ്റിവച്ചാൽ തന്നെ 18ലക്ഷം തെങ്ങ് വരും.

10% തെങ്ങിൽ നിന്ന് നീരയെടുത്താൽ പോലും തേങ്ങയുടെ ഉൽപാദനം കുറയില്ലെന്നാണ് നാളികേര വികസന ബോർഡിന്റെ കണക്ക്. എന്നാൽ ഇന്ത്യയുൾപ്പെടെ 94 രാജ്യങ്ങളിൽ ഇന്ത്യയൊഴികെ എല്ലായിടത്തും നീര ഉൽപാദിപ്പിക്കുന്നുണ്ട്. നീരയ്ക്ക് ലിറ്ററിന് 100രൂപയെങ്കിലും ഈടാക്കാനാണു ഉദ്ദേശിക്കുന്നത്. നീര ശീതള പാനീയ വിപണിയോടെ സംസ്ഥാനത്ത് വ്യാപകമാകാൻ വർഷങ്ങളെടുക്കും.